I/102747/2023

No.DWCD/2438/2023-ICPS 13 വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 26-06-2023

## ടെണ്ടർ പരസ്യം

വനിത ശിശു വികസന പദ്ധതിയുടെ ഭാഗമായ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉപയോഗത്തിനായി കരാർ തീയതി മുതൽ ഒരു വർഷ കാലയളവിലേയ്ക്ക് ഒരു 5 സീറ്റർ A\C കാർ കരാർ അടിസ്ഥാനത്തിൽ നൽകുന്നതിന് താൽപര്യമുള്ള വാഹന ഉടമകളിൽ നിന്നും ദർഘാസുകൾ ക്ഷണിയ്ക്കുന്നു. വാഹനത്തിന് 7 വർഷത്തിൽ കൂടുതൽ പഴക്കമുണ്ടാകരുത്. ടാക്സി പെർമിറ്റ് നിലവിലുണ്ടാ യിരിക്കണം. പ്രതിമാസം 2000 കിലോമീറ്റർ വരെ ഓടുന്നതിന് അനുവദിക്കാവുന്ന പരമാവധി തുക 35,000/- രൂപയാണ്. ഈ പരിധിയിൽ നിജപ്പെടുത്തി എത്ര രൂപയ്ക്ക് കരാർ ഏറ്റെടുക്കാനാവുമെന്ന് ടെണ്ടറിൽ രേഖപ്പെടുത്തണം. 2000 കിലോമീറ്ററിൽ കൂടുതൽ ഓടുന്ന പക്ഷം ഓരോ കിലോ മീറ്ററിനുമുള്ള നിരക്കും എത്രയെന്ന് ടെണ്ടറിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. 2000 **കിലോമീറ്ററിൽ കുറവ് ഓടുന്ന പക്ഷം അനുവദനീയമായ മാസവാടകയിൽ ആനുപാതികമായ കുറവ് വരുത്തുന്നതായിരിക്കും.**

കരാർ ഉറപ്പിക്കുന്ന പക്ഷം കരാർ തുകയുടെ 1% TDS ഇനത്തിൽ വസൂലാക്കി കരാറുകാരന്റെ പാൻ അക്കൗണ്ടിൽ ഒടുക്കുന്നതാണ്.

ടെണ്ടർ തുക - 4,20,000/- രൂപ

നിരതദ്രവ്യം - 4,200-/ രൂപ

ടെണ്ടർഫോറത്തിന്റെ വില - 900/- രൂപ + (18%) നികുതികൾ
ടെണ്ടർ ആരംഭിക്കുന്ന തീയതി - 30.06.2023 രാവിലെ 10.00 മണി മുതൽ.
ഫോറം വിൽപ്പന അവസാനിപ്പിക്കുന്ന തീയതി - 14.07.2023 വൈകുന്നേരം 4.00 മണി വരെ

ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാനതീയതി - 21.07.2023 ഉച്ചയ്ക്ക് 1 മണി വരെ

ടെണ്ടറുകൾ തുറക്കുന്ന തീയതി - 21.07.2023 ഉച്ചയ്ക്ക് 2.30 മണി.

ടെണ്ടർ ഫോറത്തോടൊപ്പം 200 രൂപ മുദ്രപത്രത്തിൽ പ്രാഥമിക എഗ്രിമെൻറ് വയ്ക്കേണ്ടതാണ്. വാഹനത്തിന്റെ RC ബുക്ക്, ടാക്സി പെർമിറ്റ്, ഇൻഷ്വറൻസ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ടെണ്ടർ ഫോറത്തോടൊപ്പം നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിക്കുന്ന പക്ഷം 200 രൂപയുടെ മുദ്രപത്രത്തിൽ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുമായി എഗ്രിമെൻറ് വയ്ക്കേണ്ടതാണ്.

ടെണ്ടർ ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് "**സംയോജിത ശിശു സംരക്ഷണ പദ്ധതി വാഹനം കരാർ അടിസ്ഥാനത്തിൽ നൽകാനുള്ള ടെണ്ടർ**" എന്ന് രേഖപ്പെടുത്തിയിരിക്കണം. ടെണ്ടറുകൾ സമർപ്പിക്കേണ്ട മേൽവിലാസം : വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, എസ്.സി.പി.എസ്, സെൻട്രൽ ജയിലിനു എതിർവശം, പൂജപ്പുര, തിരുവനന്തപുരം - 695 012,ഫോൺ നമ്പർ- 0471 2342235

കൂടുതൽ വിവരങ്ങൾ പൂജപ്പുരയിൽ സെൻട്രൽ ജയിലിനു എതിർവശം പ്രവർത്തിയ്ക്കുന്ന എസ്.സി.പി.എസ്. ഓഫീസിൽ നിന്നും ലഭ്യമാണ്.

**PRIYANKA G, Director DWCD,**

**O/o Director DWCD**

I/102747/2023

<u>പകർപ്പ്:-</u>

1. നോട്ടീസ് ബോർഡ്
2. ഡയറക്ടർ. PRD, തിരുവനന്തപുരം.
3. സ്റ്റോക്ക് ഫയൽ

Signed by Priyanka G
Date: 26-06-2023 14:01:44